3.	അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്	പഞ്ചായത്ത് ഫണ്ട്, ബി.ആർ.ജി.എഫ്. ഫണ്ട്, ആർ.ഐ.ഡി.എഫ്. ഫണ്ട്.	8.25 ലക്ഷം 21 ലക്ഷം 24.75 ലക്ഷം
4.	പൂക്കോട്ട്കാവ് ഗ്രാമപഞ്ചായത്ത്	ജില്ലാ പഞ്ചായത്ത് ഫണ്ട്, എസ്.സി. ഫണ്ട്, ബി.ആർ.ജി.എഫ്. ഫണ്ട്, ഗ്രാമപഞ്ചായത്ത് ഫണ്ട്.	6.5 ലക്ഷം 6 ലക്ഷം 4.5 ലക്ഷം 9.5 ലക്ഷം
5.	ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്	ജില്ലാ പഞ്ചായത്ത് ഫണ്ട്, ബി.ആർ.ജി.എഫ്. ഫണ്ട്, ഗ്രാമപഞ്ചായത്ത് ഫണ്ട്	6.6 ലക്ഷം 4.75 ലക്ഷം 13.8 ലക്ഷം
6.	കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത്	ബി.ആർ.ജി.എഫ്. ഫണ്ട്, ഗ്രാമപഞ്ചായത്ത് ഫണ്ട്.	34.25 ലക്ഷം 35.14 ലക്ഷം
7.	കരിമ്പുഴ ഗ്രാമപഞ്ചായത്ത്	ജില്ലാ പഞ്ചായത്ത് ഫണ്ട്, എസ്.സി ഫണ്ട്, ബി.ആർ.ജി.എഫ്. ഫണ്ട്, എം.പി. ഫണ്ട്	6 ലക്ഷം 13 ലക്ഷം 13.90 ലക്ഷം 4 ലക്ഷം.

(സി) പഞ്ചായത്ത് പ്രോജക്ടുകളിലൂടെയാണ് പഞ്ചായത്ത് നവീകരണത്തിനുള്ള ഫണ്ട് കണ്ടെത്തുന്നത്. കൂടാതെ 2014-15 സാമ്പത്തിക വർഷത്തിൽ ആനുവൽ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാൻ പദ്ധതി പ്രകാരം ഒരു അംഗൻവാടിയ്ക്ക് 1 ലക്ഷം രൂപ വീതം 1370 അംഗൻവാടികൾ നവീകരിക്കുതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

ജെൻഡർ പാർക്ക് പദ്ധതിയുടെ നടത്തിപ്പ്

7543 ശ്രീ. സി. പി. മുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന ജെൻഡർ പാർക്ക് പദ്ധതിയുടെ നടത്തിപ്പിനായി ഏത് ഓഫീസറെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(ബി) കഴിഞ്ഞ സർക്കാർ നിയമിച്ച ഓഫീസറാണോ ഇപ്പോഴും തുടരുന്നത്; ഈ നിയമനം കോൺട്രാക്ട് വ്യവസ്ഥയിലുള്ളതാണോ;

(സി) ഈ ഓഫീസർ ഒരുമാസം വാങ്ങുന്ന ശമ്പളത്തിന്റെ വിവരം നൽകുമോ;

(ഡി) പ്രസ്തുത പദ്ധതിയ്ക്ക് എത്ര രൂപ അനുവദിച്ചിട്ടുണ്ട്;

(ഇ) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജെൻഡർ പാർക്ക് പദ്ധതിയുടെ നടത്തിപ്പിനായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായ ഡോ. പി. റ്റി. മുഹമ്മദ് സുനീഷിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സ്പെഷ്യൽ ഓഫിസറായി നിയമിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷമാണ് ഡോ. പി. റ്റി. മുഹമ്മദ് സുനീഷിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സ്പെഷ്യൽ ഓഫിസറായി നിയമിച്ചിട്ടുള്ളത്.

(സി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലുള്ളത് ഈ ഓഫീസറുടെ ഒരു മാസത്തെ ശമ്പളം 78,445 രൂപയാണ്.

(ഡി) പ്രസ്തുത പദ്ധതിയ്ക്ക് 2011-12 സാമ്പത്തിക വർഷത്തില 3 കോടി രൂപയും, 2012-13 സാമ്പത്തിക വർഷത്തിൽ 6 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ടി 9 കോടി രൂപ സാമൂഹ്യനീതി ഡയറക്ടറുടെ റ്റി.എസ്.ബി. അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 3 കോടി രൂപയിൽ 1,27,79,590 രൂപ ജെന്റർ ഫെസ്റ്റിനുവേണ്ടി സി-ഡിറ്റിന് കൈമാറിയിരുന്നു. ജെൻഡർ പാരക്കിന്റെ പ്രാരംഭ ചെലവുകൾ കഴിച്ച് 1,52,12,447 രൂപ ബാക്കിയുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ ജെൻഡർ പാർക്കിനു വേണ്ടി മാത്രം അനുവദിച്ച 6 കോടി രൂപയിൽ 5,46,75,895 രൂപ ബാക്കിയുണ്ട്. ഈ സാമ്പത്തിക വർഷം 6.6 കോടി രൂപ ജെൻഡർ പാർക്കിനായി വകയിരുത്തിയിട്ടുണ്ട്.

(ഇ) കോഴിക്കോട് നിർമ്മിക്കാനുദ്ദേശിക്കുന്ന ജെൻഡർ പാർക്കിന് രൂപകല്പന തയ്യാറാക്കുന്നതിനായി താൽപ്പര്യപ്പത്രം ക്ഷണിക്കുകയും കൺസൾട്ടൻസിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. അവർ തയ്യാറാക്കിയ രൂപകല്പന പ്രകാരം നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതിനായുള്ള ടെൻഡർ നടപടികൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്. ജെൻഡർ പാർക്കിന്റെ ഓഫ് ക്യാമ്പസ് പ്രവർത്തനങ്ങളുടെ ഭാഗമായി വനിതകൾ ഓടിക്കുന്ന ഷീ-ടാക്സിയുടെ പ്രവർത്തനം തിരുവനന്തപുരത്തും, എറണാകുളത്തും ആരംഭിച്ചു. ഇതിന്റെ പ്രവർത്തനം കോഴിക്കോട് ഉടൻ ആരംഭിക്കുന്നതാണ്. ജെൻഡർ പാർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ, ജെൻഡർ പാർക്ക് ജീവനക്കാരുടെ ശമ്പളം, കെട്ടിട വാടക, അനാമത്ത് ചെലവുകൾ തുടങ്ങിയവയ്ക്കു വേണ്ടി 2,01,11,658 രൂപ ചെലവഴിച്ചിട്ടുണ്ട്. 6,98,88,342 രൂപ റ്റിഎസ്ബി അക്കൗണ്ടിൽ ബാക്കിയുണ്ട്.

2/2853/2020